## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. പി.ആർ. സജികുമാർ)

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ശ്രീമതി. റീന. കെ. ബാബു, മൂന്നാംതരം ഓവർസിയർ, തിരൂർ മുനിസിപ്പാലിറ്റി - അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന് സർവീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് -

പരാമർശം: 1) 27.08.2013-ലെ 31300/ഇ.ഡബ്ല്യു2/13/തസ്വഭവ നം. സർക്കാർ കത്ത്

2) ഈ ഓഫീസിലെ ഇ6-2171/12/സിഇ/തസ്വഭവ തീയതി 02.01.2014 പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ്

3) ഈ ഓഫീസിലെ 11.06.2014-ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4) ഈ ഓഫീസിലെ 07.02.2015, 01.07.2015 എന്നീ തീയതികളിലെ നോട്ടീസ്

5) 2016 ഫെബ്രുവരി 8 തിങ്കളാഴ്ച ദിവസം ഇ15-10020/13/സിഇ/തസ്വഭവ തീയതി 11.02.2016-ാം നമ്പർ ആയി ദേശാഭിമാനി പത്രത്തിൽ വന്ന കാരണം കാണിക്കൽ നോട്ടീസ്

## ഉത്തരവ് നം. ഇ15-10020/13/സിഇ/തസ്വഭവ, തീയതി 13.06.2016

ശ്രീമതി. റീന. കെ. ബാബുവിനെ (വലംപറമ്പിൽ ഹൗസ്, കുളത്തുപ്പുഴ. പി.ഒ. കൊല്ലം) കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം-ന്റെ 29.06.2011-ലെ അഡ്വൈസ് നം. RE IV(2) 53/09 പ്രകാരം ചീഫ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. തിരുവനന്തപുരം-ന്റെ ഉത്തരവ് നം. ഇ6-6400/2008/സിഇ/തസ്വഭവ തീയതി 17.08.2011 പ്രകാരം തിരൂർ മുനിസിപ്പാലിറ്റിയിൽ മൂന്നാംഗ്രേഡ് ഓവർസിയറായി നിയമിച്ചിട്ടുള്ളതാണ്. 28.10.2011-ന് ശ്രീമതി. റീന. കെ. ബാബു എന്ന താങ്കൾ തിരൂർ മുനിസിപ്പാലിറ്റിയിൽ മൂന്നാംതരം ഓവർസിയർ ആയി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്.

വിദേശത്ത് ജോലി ചെയ്യുന്നതിനായി 01.03.2013 മുതൽ 31.08.2015 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചുവെങ്കിലും താങ്കൾ പ്രസ്തുത തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതിനാൽ താങ്കൾക്ക് ശൂന്യവേതനാവധി അനുവദിച്ചിരുന്നില്ല. എന്നാൽ താങ്കൾ 12.03.2012 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ സൂചന (1) പ്രകാരം താങ്കളെ സർവീസിൽ നിന്നും Terminate ചെയ്യാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം താങ്കൾക്ക് കാരണം

കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് യാതൊരുവിധ മറുപടിയും താങ്കൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. തുടർന്ന് സൂചന (3), (4) പ്രകാരം രജിസ്റ്റേർഡ് പോസ്റ്റിൽ വീണ്ടും കാരണം കാണിക്കൽ നോട്ടീസ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയൊ, ജോലിയ്ക്ക് ഹാജരാകുകയോ ചെയ്തിട്ടില്ല. ഈ വിഷയങ്ങൾ കാണിച്ച് 1960-ലെ കേരള സിവിൽ സർവീസ് (തരം തിരിയ്ക്കലും. നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ അനുസരിച്ച് സർവീസിൽ നിന്ന് നീക്കം ചെയ്യാതിരിക്കാൻ മതിയായ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ബോധിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടും സൂചന (5) പ്രകാരം പത്രദ്വാര നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. കാരണം ബോധിപ്പിക്കാൻ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തെ സമയവും, നോട്ടീസ് പ്രകാരം നൽകിയിരുന്നു. ഈ സമയപരിധിയ്ക്കുള്ളിൽ കാരണം ബോധിപ്പിക്കാത്ത പക്ഷം സർവീസിൽ നിന്നും നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുമെന്നും അറിയിച്ചിരുന്നു. ടി നോട്ടീസ് പ്രസിദ്ധീകരിച്ച്, അനുവദിച്ച സമയം കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭ്യമാകാത്ത സാഹചര്യത്തിൽ ശ്രീമതി. റീന. കെ. ബാബു, മൂന്നാംതരം ഓവർസിയർ, തിരൂർ മുനിസിപ്പാലിറ്റി-യെ മുൻകാല പ്രാബല്യത്തോടെ 12.03.2012-ാം തീയതി മുതൽ സർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

ചീഫ് എഞ്ചിനീയർ

ശ്രീമതി. റീന. കെ. ബാബു
വലംപറമ്പിൽ ഹൗസ്
കുളത്തുപ്പുഴ. പി.ഒ
കൊല്ലം - 691 310.

(അസി. എക്സി. എഞ്ചിനീയർ, തിരൂർ മുനിസിപ്പാലിറ്റി മുഖേന)

പകർപ്പ് :
1) ഗവ. സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം മുഖേന)
2) അസി. എക്സി. എഞ്ചിനീയർ, തിരൂർ മുനിസിപ്പാലിറ്റി, മലപ്പുറം
3) ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം (ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) ഓഫീസ് കോപ്പി / ഇ6 സെക്ഷൻ